വൈദ്യുതി ബോർഡിന്റെ വിഭജനം

47 [358] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിക്കണമെന്നുള്ള കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ചർച്ചകളോ തീരുമാനങ്ങളോ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം സംസ്ഥാന വൈദ്യുതി ബോർഡിനെ സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ഒരു ലൈൻസിയുമായി 9-12-2005 വരെ തുടരാൻ സർക്കാർ 9-6-2005-ലെ ജി.ഒ.(പി) നമ്പർ. 13/2005/പി.ഡി. നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ

48 [359] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ഡി. ആർ. പി. പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികളാണ് മേൽ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) എ. പി. ഡി. ആർ. പി. പദ്ധതി പ്രകാരം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുമോ;

(ഡി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എ. പി. ഡി. ആർ. പി. പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 355 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കാനാണ് 1-10-2004-ൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിപ്രകാരം താഴെ പറയുന്ന മുഖ്യപ്രവൃത്തികൾ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(1) പുതുതായി 25 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കൽ.

(2) 52 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

(3) 35 കി.മീ. പഴയ കമ്പികൾ മാറ്റി പുതിയ 11 കെ. വി. ലൈനുകൾ വലിക്കുക.

(4) 154 എൽ. റ്റി. കപ്പാസിറ്ററുകൾ സ്ഥാപിക്കുക.

(5) 96 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ മെയിന്റനൻസ് നടത്തി നവീകരിക്കുക.

(6) 154 ട്രാൻസ്ഫോർമർ മീറ്ററുകളും 10 ഫീഡർ മീറ്ററുകളും 20 ബോർഡർ മീറ്ററുകളും സ്ഥാപിച്ച് നെടുമങ്ങാട് ഇലക്ട്രിക്കൽ സെക്ഷനാഫീസ് കംപ്യൂട്ടർ വൽക്കരിച്ച് കുറ്റമറ്റ രീതിയിലുള്ള എനർജി ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുക.

(ബി) 1-10-2004 മുതൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുകയും 31-5-2005 വരെ 65 ലക്ഷം രൂപ ചെലവഴിച്ച് 7 കി. മീ. 11 കെ. വി.ലൈൻ വലിക്കൽ, 24 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയ മുഖ്യജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ബാക്കിയുള്ള പ്രവർത്തികൾ 31-3-2006-ൽ തീർക്കുവാൻ ലക്ഷ്യമിട്ട് പുരോഗമിച്ച് വരുന്നു.

(സി) എ.പി.ഡി.ആർ.പി പദ്ധതി പ്രകാരം നെടുമങ്ങാട് ടൗണിൽ വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 52 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രസരണ മേഖലയുടെ പരിധിയിൽ നെടുമങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ രണ്ട് 110/33 കെ.വി. 16 എം.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ചുള്ളിമാനൂരിൽ രണ്ട് 5 എം.വി.എ., 33/11 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ഉള്ള നിർമ്മാണ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വിതരണ മേഖലയിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൊടിപ്പുറം (ചെറുക്കൂർകോണത്തിനു സമീപം താലൂക്ക് ആഫീസ് (നെടുമങ്ങാട് യു.പി.എസ്സിനു സമീപം), കല്ലടക്കുന്ന് (നാഗച്ചേരിക്കു സമീപം), മെത്തോട്, കൊച്ചാറ്റുകാൽ, പെരുവേളി, പനയം, പരിയാരം, വെള്ളൂർകോണം, ശക്തിപുരം, നാലുമുക്ക്, വെള്ളൂർകോണം (പനു ഹൗസിനു സമീപം), കുഴിവിള, മൊട്ടമൂട്, കൊങ്ങണംകോട്, പുതുകുളങ്ങര, കുന്നുനട, പനച്ചമൂട്, കാരുണ്യജംഗ്ഷൻ, ആശുപത്രി ജംഗ്ഷൻ, പുനവക്കുന്ന്, ചുടുകാട്ടുമുകൾ, വായോട്, കണ്ണാറംകോട്, പെരുമല.

LIBRARY ARCHIVES Kerala Legislative Assembly